LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ജൈവരീതിയിൽ മാത്രം കൃഷി നടത്തുന്ന കർഷകരുടെ വിവരശേഖരണം കൃഷിഭവൻ മുഖേന ആരംഭിച്ചു. ഇക്കാര്യത്തിൽ കൃഷിഭവന്റെ മേൽനോട്ടം ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) ജൈവരീതിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യവിഭവങ്ങൾ, കൃഷിയിടങ്ങളിൽ ചെന്ന് കർഷകർക്ക് ന്യായവില യഥാസമയം നൽകി സംഭരിച്ച് ഹോർട്ടികോർപ്പ് വിപണനം നടത്തിവരുന്നു. ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ജൈവകർഷകർക്ക് പ്രോത്സാഹനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കാർഷിക ഉൽപ്പന്നങ്ങൾക്ക് ലഭിക്കേണ്ട ന്യായവില

161 (4199) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായവില ലഭിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിലെ മലയോര മേഖലയിലെ നാദാപുരം, കുറ്റ്യാടി, പേരാമ്പ്ര മണ്ഡലത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് ഒരു സംഭരണ കേന്ദ്രം ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കാർഷിക ഉൽപ്പന്നങ്ങളിൽ പ്രധാനമായും റബ്ബറിന് ന്യായമായ വില ലഭിക്കുന്നില്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കീടനാശിനി പ്രയോഗം പരിശോധിക്കുന്നതിനുള്ള സംവിധാനം

162 (4200) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :